MR. PRESIDENT: കഴിയുന്നതും ആ തീയതികളിൽതന്നെ ഉത്തരം പറയണമെന്ന് ആഗ്രഹം ഉണ്ട്. എന്നാൽ അതു സാധിക്കാതെ വരുന്ന പക്ഷം പിന്നീട് ആ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതായിരിക്കും. ഇതു് സഭികാര്യമല്ലെങ്കിൽ അതിനേപ്പറ്റി വേണ്ട നിർദ്ദേശങ്ങൾ തരുവാൻ സഭയ്ക്ക് അധികാരമുണ്ട്.

MR. K. A. MATHEW (*Thiruvalla VI—General*: സർ, ഒരു ചോയിൻറ് ഓഫ് ആഡർ. ഇന്ന് ഒരു ഷോർട്ട് നോട്ടീസ് കചസ്റ്റ്യൻ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന് മറുപടി പറഞ്ഞാൽ കൊള്ളാമെന്ന് തോന്നുന്നു. അല്ലെങ്കിൽ പിന്നീട് ഒരുപക്ഷേ സമയം തീരുകയാണെങ്കിൽ ഇതു് ചോദിക്കാൻ സാധിക്കാതെ വരും.

MR. PRESIDENT: ഇതിനേ സംബന്ധിച്ച് സെൻട്രൽ അസംബ്ളിയിലെ നിയമം അവസാനമായി ഷോർട്ട് നോട്ടീസു് കചസ്റ്റ്യൻ എടുക്കുക എന്നുള്ളതാണ്. സമയം അവസാനിക്കുന്നതിന് രണ്ടു മൂന്നു മിനിട്ടിനു മുമ്പു് അതു് എടുക്കുന്നതായിരിക്കും.

QUESTIONS AND ANSWERS.
(ORAL ANSWERS.)

നെയ്യാറിൻകര താലൂക്ക സഹകരണ കാൺഫറൻസിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങൾ.

92. MR. P. K. KRISHNAN SASTRI (*Minachil II—Pulaya*): താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

നെയ്യാറ്റിൻകര താലൂക്ക് സഹകരണ കാൺഫറൻസിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN: Yes, the matter Is engaging the attention of Government.

MR. P. K. KRISHNAN SASTRI: പതിനൊന്നാമത്തെ പ്രമേയത്തെ സംബന്ധിച്ച് എന്തു നടപടിയാണു ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളതെന്നു പറയുവാൻ ദയവുണ്ടാകുമോ?

MR. PRESIDENT: എല്ലാ പ്രമേയങ്ങളും ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു എന്നു പറയുമ്പോൾ ഒരു പ്രമേയത്തെക്കുറിച്ച് പ്രത്യേകം ചോദിക്കേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly